# ബസേലിയസ് കോളേജ് കോട്ടയം

# മഹാത്മാഗാന്ധി സർവകലാശാല
# MGU UGP Honours
# ബിരുദപ്രവേശനം 2025

**ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- സർവകലാശാലയുടെയും ബസേലിയസ് കോളേജിന്റെയും വെബ്സൈറ്റിൽ നൽകിയിരിക്കുന്ന പ്രോസ്പെക്ടസ് വിശദമായി വായിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുക.

- ഓൺലൈൻ അപേക്ഷാ ഫോറത്തിലെ എല്ലാ വിവരങ്ങളും ശ്രദ്ധയോടെയും കൃത്യതയോടെയും പൂരിപ്പിക്കുക.

- രജിസ്ട്രേഷൻ നടപടികളുടെ ആദ്യ സ്റ്റെപ്പ് അപേക്ഷാ നമ്പറും പാസ്സ് വേർഡും ജനറേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇതിനായി www.cap.mgu.ac.in സൈറ്റിലെ UG CAP പേജ് എടുത്ത ശേഷം "Click Here to Apply" എന്നുള്ള ലിങ്ക് ക്ലിക്ക് ചെയ്യുക. ഇവിടെ അപേക്ഷാർത്ഥിയുടെ പേര്, പാസ്സ് വേർഡ് ജനന തീയതി, സർവ്വകലാശാല, രജിസ്റ്റർ നമ്പർ. കാറ്റഗറി, ഇ.മെയിൽ ഐ.ഡി. എന്നീ വിവരങ്ങൾ നൽകുക. എസ്.എസ്.എൽ.സി. യിലെ പോലെ തന്നെ പേര്, ജനന തീയതി എന്നിവ നല്കാൻ ശ്രദ്ധിക്കുക. രജിസ്റ്റർ നമ്പർ പ്ലസ് ടു മാർക്ക് ലിസ്റ്റിലെ പോലെ തന്നെ നൽകുക. പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്നവരല്ലാത്തവർ General Category സെലക്ട് ചെയ്യുക. കാറ്റഗറി തെറ്റായി നൽകിയാൽ അലോട്ട്മെന്റ് തെറ്റായി വരികയും പ്രവേശനത്തിന് ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യും.

- ഇതിനു ശേഷം അപേക്ഷാ നമ്പർ എന്നിവ ലഭിക്കും. അപേക്ഷാ നമ്പർ ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ഓൺലൈൻ അപേക്ഷാ ഫോറം പൂരിപ്പിക്കാനായി ലോഗിൻ ചെയ്യുക. അക്കൗണ്ട് സൃഷ്ടിക്കൽ, അക്കാദമിക വിവരങ്ങൾ ചേർക്കൽ, പ്രോഗ്രാം/കോളേജ് ഓപ്ഷൻ നൽകൽ, ഫീസ് അടക്കൽ, സാക്ഷ്യപത്രങ്ങൾ അപ്‌ലോഡ് ചെയ്യൽ, ഫൈനൽ സബ്മിഷൻ, പ്രിന്റ് ഔട്ട് എടുക്കൽ എന്നീ ഏഴ് സ്റ്റെപ്പുകളായാണ് യഥാക്രമം അപേക്ഷാ ഫോറം പൂരിപ്പിക്കേണ്ടത്.

- കേരളീയർ അല്ലാത്ത അപേക്ഷകർ സംവരണ ആനുകൂല്യങ്ങൾക്ക് അർഹർ ആയിരിക്കില്ല. ബസേലിയസ് കോളേജിലെ എയ്ഡഡ് പ്രോഗ്രാമുകളിൽ ഇ.ഡബ്ള്യൂ.എസ് ആനുകൂല്യം ലഭ്യമാവുന്നതല്ല. അതേ സമയം ബസേലിയസ് കോളേജിലെ ബികോം ഓണേഴ്സ് (സെൽഫ് ഫൈനാൻസിങ്) പ്രോഗ്രാമിലെ നിർദിഷ്ട സീറ്റുകളിൽ ഇ.ഡബ്ള്യൂ.എസ് ആനുകൂല്യം ലഭ്യമാവുന്നതാണ്. വില്ലേജ് ഓഫീസർ നൽകുന്ന income and Assets സാക്ഷ്യപത്രമാണ് ഈ സംവരണം ലഭിക്കാൻ ആവശ്യമായ രേഖ, ബി.പി.എൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്

എന്നിവ ഇതിനായി പരിഗണിക്കുന്നതല്ല. ബികോം ഓണേഴ്സ് (സെൽഫ് ഫൈനാൻസിങ്) പ്രോഗ്രാമിൽ മറ്റ് എയ്ഡഡ് പ്രോഗ്രാമുകളിൽ നിന്ന് വ്യത്യസ്തമായി വിവിധ സമുദായങ്ങൾക്ക് സർവകലാശാല നിശ്ചയിച്ച പ്രകാരം പ്രവേശനത്തിന് സംവരണ ആനുകൂല്യം ലഭ്യമാവുന്നതാണ്.

- അപേക്ഷകർ തങ്ങൾക്ക് ബാധകമായ സർട്ടിഫിക്കറ്റുകൾ അപേക്ഷ സമർപ്പിക്കുന്ന സമയത്തും അഡ്മിഷൻ സമയത്തും കൈവശം കരുതേണ്ടതാണ്. എല്ലാ വിഭാഗം വിദ്യാർത്ഥികളും പ്ലസ് ടു മാർക്ക് ലിസ്റ്റ്, എസ്സി / എസ്ടി സംവരണങ്ങൾക്കും ഒ.ഇ.സി. ഫീസ് ആനുകൂല്യങ്ങൾക്കും അർഹരായവർ അത് തെളിയിക്കാൻ ആവശ്യമായ സർട്ടിഫിക്കറ്റുകൾ, ഇ.ഡബ്ല്യു.എസ് ആനുകൂല്യം ലഭ്യമാകുന്നുണ്ടെങ്കിൽ ഇൻകം ആൻഡ് അസറ്റ് സർട്ടിഫിക്കറ്റ്, പിഡി ക്വോട്ടയിൽ അപേക്ഷിക്കുന്ന ഭിന്നശേഷിക്കാരായ അപേക്ഷകർ മെഡിക്കൽ ബോർഡിൻ്റെ 40% കുറയാത്ത വൈകല്യം ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന അഞ്ച് വർഷത്തിന് താഴെ കാലാവധിയുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സാമൂഹിക ക്ഷേമ വകുപ്പിന്റെ രേഖ, എൻഎസ്എസ് / എൻസിസി / നന്മമുദ്ര / രാജ്യപുരസ്കാർ / സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നീ വിഭാഗത്തിൽ ബോണസ് മാർക്ക് അവകാശപ്പെടുന്നവർ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിമുക്തഭടൻ, ജവാന്റെയോ വിമുക്തഭടന്മാരുടെയോ മക്കൾ / വിധവ തുടങ്ങിയ ബോണസ് മാർക്കിന് അർഹരായവർ ജില്ലാ സൈനിക വെൽഫെയർ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, പ്രതിവർഷ കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള പൊതുവിഭാഗം അപേക്ഷകർ അത് തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ കരുതേണ്ടതാണ്.

- ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് ഒരു തവണ മാത്രമേ രജിസ്ട്രേഷൻ സാധ്യമാവുകയുള്ളൂ. ആയതിനാൽ ഓൺലൈൻ അപേക്ഷയിൽ നൽകുന്ന മൊബൈൽ നമ്പർ പ്രവേശന നടപടികൾ പൂർത്തിയാകുന്നത് വരെ മാറ്റരുത്. പ്രവേശനത്തെ സംബന്ധിച്ച മെസ്സേജുകൾ ഈ നമ്പറിലേക്കാണ് അയക്കുന്നത്. ഇമെയിൽ ഐ.ഡി., മൊബൈൽ നമ്പർ എന്നിവ തങ്ങളുടേത് തന്നെ ആയിരിക്കാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കണം.

- അക്കാദമിക് പ്രൊഫൈൽ വിവരങ്ങൾ ചേർക്കുമ്പോൾ പ്ലസ് ടു പാസ്സായ വർഷം ബോർഡ്, രജിസ്റ്റർ നമ്പർ. എത്രാമത് തവണയാണ് പാസായത് എന്നിവ കൃത്യതയോടെ നൽകേണ്ടതാണ്. ഒന്നിൽ കൂടുതൽ ചാൻസുകൾ ഉപയോഗിച്ച് യോഗ്യത പരീക്ഷ പാസായവർ Number of Appearances എന്ന കോളത്തിൽ കൃത്യമായ വിവരം എത്രാമത് തവണയാണ് പാസായത് എന്ന് നൽകണം. യോഗ്യതാ പരീക്ഷ പാസ്സായവർ എടുക്കുന്ന ഓരോ അധിക ചാൻസിനും ഇൻഡക്സ് മാർക്കിൽ നിന്ന് 5 മാർക്ക് കുറവ് ചെയ്യുന്നതാണ്. അതിനാൽ ഈ വിവരം ശ്രദ്ധയോടെയും കൃത്യമായും നൽകേണ്ടതാണ്.

- രജിസ്ട്രേഷൻ സമയത്ത് വിവിധ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് എൻറർ ചെയ്യുമ്പോൾ തെറ്റ് കൂടാതെ ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

- താൽപര്യമുള്ള പ്രോഗ്രാമുകൾക്ക് ഓപ്ഷൻ നൽകിയതിന് ശേഷം ഓൺലൈനായി രജിസ്ട്രേഷൻ ഫീസ് അടക്കാവുന്നതാണ്. ഫീസ് അടക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസം നേരിട്ടാൽ സർവകലാശാല അഡ്മിഷൻ വിഭാഗവുമായി ബന്ധപ്പെടുക. (0481-2733511,0481-2733521,0481-2733518 എന്നീ നമ്പറുകളിലോ ugcap@mgu.ac.in എന്ന മെയിൽ ഐഡി വഴിയോ ബന്ധപ്പെടാവുന്നതാണ്).

- വിദ്യാഭ്യാസ യോഗ്യത, സംവരണം, ഗ്രേസ് മാർക്കുകൾ എന്നിവയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യുമ്പോൾ അവയുടെ വലുപ്പം 200 kb -യിൽ അധികമാകാത്ത പിഡിഎഫ് ഫയലുകളായി ചെയ്യേണ്ടതാണ്. പ്രവേശന സമയത്ത് കോളേജിൽ എത്തുമ്പോൾ അപേക്ഷയിൽ സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

- കേരള സ്റ്റേറ്റ് ഹയർ സെക്കൻററി ബോർഡ്, സിബിഎസ്ഇ, സിഐഎസിഎസ്ഇ എന്നീ ബോർഡുകൾ ഒഴികെയുള്ള പരീക്ഷാ ബോർഡുകളിൽ നിന്നും പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾ പ്രവേശന സമയത്ത് മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് കോളേജിൽ ഹാജരാക്കേണ്ടതാണ്.

- മുഴുവൻ വിവരങ്ങളും ഒരിക്കൽ കൂടി പരിശോധിച്ച് തെറ്റുകൾ ഇല്ലെന്ന് ഉറപ്പാക്കേണ്ടതാണ്. എന്തെങ്കിലും തെറ്റുകൾ കണ്ടെത്തിയാൽ ഉടനെ തിരുത്തുക. തുടർന്ന് ഡിക്ലറേഷൻ ചെക് ബോക്സ് ടിക് ചെയ്തതിന് ശേഷം സബ്മിറ്റ് യുവർ ആപ്ലിക്കേഷൻ എന്ന ബട്ടനിൽ അമർത്തി അപേക്ഷ സമർപ്പിക്കാം. രജിസ്ട്രേഷൻ പൂർത്തിയായാൽ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയക്കേണ്ടതില്ല.

- തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞ് ട്രയൽ അലോട്മെന്റിന്റിനു ശേഷം ഡാറ്റാ മോഡിഫിക്കേഷനുള്ള സൗകര്യം ലഭ്യമാക്കുന്ന വേളയിൽ നടത്താവുന്നതും പ്രൊഫൈലിൽ എന്ത് മാറ്റം വരുത്തിയാലും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

- അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അലോട്മെന്റ് സ്ഥിര പ്രവേശനമോ / താൽക്കാലിക പ്രവേശനമോ തിരഞ്ഞെടുക്കുകയും സർവകലാശാല നിർദേശിക്കുന്ന ഫീസ് ഏകജാലക പോർട്ടലിൽ ഓൺലൈനായി അടക്കുകയും ചെയ്യണം. നിശ്ചിത അലോട്മെന്റ് സമയത്ത് സ്ഥിരമോ, താൽക്കാലികമായതോ ആയ പ്രവേശനങ്ങളിൽ ഒന്ന് തിരെഞ്ഞെടുക്കാത്തവർ ഏകജാലക പ്രവേശനത്തിൽ നിന്ന് പുറത്താകുന്നതാണ്. സ്ഥിര പ്രവേശനം തിരഞ്ഞെടുത്ത അപേക്ഷകർ അലോട്മെൻറ് മെമ്മോ, സർവകലാശാല ഫീസ് അടച്ച റെസിപ്റ്റ്, ഓൺലൈൻ അപേക്ഷയിൽ സമർപ്പിച്ച സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ എന്നിവയുമായി കോളേജിൽ നേരിട്ട് എത്തുകയും കോളേജിൽ അടക്കേണ്ട ഫീസ് ഒടുക്കുകയും ചെയ്യേണ്ടതാണ്.

- അപേക്ഷകർ തങ്ങൾക്ക് ബാധകമായ സർട്ടിഫിക്കറ്റുകൾ അപേക്ഷ സമയത്തും അഡ്മിഷൻ സമയത്തും കൈവശം കരുതേണ്ടതാണ്. എല്ലാ വിഭാഗം വിദ്യാർത്ഥികളും പ്ലസ് ടു മാർക്ക് ലിസ്റ്റ്, എസ്‌സി/എസ്ടി/ഒഇസി വിഭാഗത്തിലുള്ള അപേക്ഷകർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഇ.ഡബ്യ.എസ് ആനുകൂല്യം ലഭ്യമാകുന്നുണ്ടെങ്കിൽ ഇൻകം ആൻഡ് അസറ്റ് സർട്ടിഫിക്കറ്റ്, പിഡി ക്വോട്ടയിൽ അപേക്ഷിക്കുന്ന ഭിന്നശേഷിക്കാരായ അപേക്ഷകർ മെഡിക്കൽ ബോർഡിൻ്റെ 40% കുറയാത്ത വൈകല്യം ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന അഞ്ച് വർഷത്തിന് താഴെ കാലാവധിയുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സാമൂഹിക ക്ഷേമ വകുപ്പിന്റെ രേഖ, എൻഎസ്എസ് / എൻസിസി / നന്മമുദ്ര / രാജ്യപുരസ്കാർ / സ്റ്റഡൻ്റ് പോലീസ് കേഡറ്റ് എന്നീ വിഭാഗത്തിൽ ബോണസ് മാർക്ക് അവകാശപ്പെടുന്നവർ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിമുക്തഭടൻ, ജവാൻ്റെയോ വിമുക്തഭടന്മാരുടെയോ മക്കൾ / വിധവ തുടങ്ങിയ ബോണസ് മാർക്കിന് അർഹരായവർ ജില്ലാ സൈനിക വെൽഫെയർ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, പ്രതിവർഷ കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള പൊതുവിഭാഗം അപേക്ഷകർ അത് തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ കരുതേണ്ടതാണ്.

- സ്പോർട്ട് ക്വാട്ടാ / കൾച്ചറൽ ക്വാട്ടാ / ഭിന്ന ശേഷിക്കാർക്കായുള്ള ക്വാട്ടാകൾ (PD Quota) തുടങ്ങിയവയിലേക്കുള്ള അപേക്ഷകൾ ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. അപേക്ഷകർ CAP മെറിറ്റ് സീറ്റിലേക്കായുള്ള അപേക്ഷ പൂർത്തീകരിക്കുമ്പോൾ ലഭ്യമാവുന്ന ഓപ്ഷൻ സെലക്ട് ചെയ്ത് ലിങ്കിൽ പ്രവേശിച്ചാൽ മാത്രമേ ഈ വിഭാഗത്തിലേക്കുള്ള രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. സ്പോർട്ട്സ് / കൾച്ചറൽ ക്വാട്ടാകളിൽ അപേക്ഷിക്കുന്നവർ വെബ് സൈറ്റിലെ നിശ്ചിത കോളത്തിൽ തങ്ങളുടെ നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യേണ്ടതാണ്. ഭിന്ന ശേഷിക്കാർക്കായുള്ള ക്വാട്ടയിലേക്ക് അപേക്ഷിക്കേണ്ടവർക്ക് ഭിന്ന ശേഷി സംബന്ധമായ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യണം. ഓപ്ഷനുകൾ തിരഞ്ഞെടുത്തതിന് ശേഷം അപേക്ഷ പൂർത്തിയാക്കാവുന്നതാണ്. മേൽ പറഞ്ഞ ക്വാട്ടകളിലേക്ക് സർവകലാശാല പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും കോളേജ് അഡ്മിഷൻ നടത്തുക.

- കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടായിലേക്കുള്ള അപേക്ഷയും ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. അപേക്ഷകർ CAP മെറിറ്റ് സീറ്റിലേക്കായുള്ള അപേക്ഷ പൂർത്തീകരിക്കുമ്പോൾ ലഭ്യമാവുന്ന ഓപ്ഷൻ സെലക്ട് ചെയ്ത് ലിങ്കിൽ പ്രവേശിച്ചാൽ മാത്രമേ രജിസ്ട്രേഷൻ ചെയ്യാൻ ചെയ്യാൻ സാധിക്കുകയുള്ളൂ. ബസേലിയസ് കോളേജിലെ കമ്യൂണിറ്റി മെറിറ്റ് ക്വാട്ടായിലേക്ക് ക്രിസ്ത്യൻ ഓർത്തഡോക്സ് വിഭാഗത്തിന് മാത്രമേ അപേക്ഷിക്കാനാവൂ. അപേക്ഷകർ റവന്യൂ അധികാരികളിൽ നിന്ന് ലഭ്യമാക്കിയ തങ്ങളുടെ കമ്യൂണിറ്റി തെളിയിക്കുന്ന സാക്ഷ്യപത്രം അപ്ലോഡ് ചെയ്യേണ്ടതാണ്.

- ബസേലിയസ് കോളേജിൽ മാനേജ്മെൻ്റ് ക്വാട്ടയിൽ പ്രവേശനം നേടാൻ താൽപര്യം ഉള്ളവർക്ക് മാനേജ്മെൻ്റ് ക്വോട്ട ആപ്ലിക്കേഷൻ ഫോം കോളേജ് ബർസാർ ആഫീസിൽ നിന്ന് നേരിട്ടോ, കോളേജ് വെബ്സൈറ്റിൽ നിന്ന്

ഡൗൺലോഡ് ചെയ്തോ കൈപ്പറ്റാവുന്നതാണ്. മാനേജ്മെന്റ് ക്വാട്ടാ പ്രവേശനത്തിനായി അപേക്ഷകർ നിർബന്ധമായും സർവകലാശാല പോർട്ടലിൽ രജിസ്ട്രേഷൻ നടത്തേണ്ടതുണ്ട്. ഇപ്രകാരമല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല. പൂരിപ്പിച്ച മാനേജ്മെൻ്റ് ക്വാട്ട അപേക്ഷ ഫോം നിർദേശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റുകൾ അടക്കം തിരികെ കോളേജിൽ സമർപ്പിക്കുമ്പോൾ സർവകലാശാല പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയ അപേക്ഷ ഫോമിന്റെ ഒരു കോപ്പി കൂടി നൽകേണ്ടതാണ്.

- DHSE/VHSE /THSE ബോർഡുകളിൽ നിന്നും പ്ലസ് 2 പാസ്സായവർ രജിസ്റ്റർ നമ്പർ, പാസ്സായ Practical വർഷം എന്നിവ നൽകുമ്പോൾ മാർക്കുകൾ/റിസൾട്ട് ഓട്ടോമാറ്റിക് ആയി വരുന്നതായിരിക്കും.

- VHSE വിദ്യാർത്ഥികളുടെ വൊക്കേഷണൽ വിഷയങ്ങളൊഴികെയുള്ള വിഷയങ്ങൾ മാത്രമേ റാങ്കിംഗിന് പരിഗണിക്കു എന്നതിനാൽ വൊക്കേഷണൽ വിഷയങ്ങൾ (Vocational Theory Vocational കാണിക്കുന്നതായിരിക്കുകയില്ല. Practical) അപേക്ഷയിൽ

- CBSE / ISC ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഫാസ്റ്റ് ലാംഗ്വേജ് ആയി ഇംഗ്ലീഷും ഓപ്ഷണൽ വിഷയം അല്ലാതെ ഹിന്ദി/മലയാളം എന്നിവ പഠിച്ചിട്ടുണ്ടെങ്കിൽ അവ സെക്കൻഡ് ലാംഗ്വേജ് ആയും മാറ്റ് ഓപ്ഷണൽ വിഷയങ്ങൾ ഓപ്ഷണൽ ആയും നൽകേണ്ടതാണ്. വിജയിച്ച ഒരു വിഷയവും അപേക്ഷയിൽ നിന്നും ഒഴിവാക്കാൻ പാടില്ല.

- ബികോം ഓണേഴ്സ് (സെൽഫ് ഫൈനാൻസിങ്) പ്രോഗ്രാമിലെ പകുതി സീറ്റുകൾ മാനേജ്മെന്റ് ക്വാട്ട വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. പ്രസ്തുത സീറ്റുകളിലേക്ക് പ്രവേശനം നേടാൻ താൽപര്യമുള്ളവർ അതിനായുള്ള സമർപ്പിക്കേണ്ടതാണ്. പ്രത്യേക അപേക്ഷ മാനേജ്മെന്റ് ക്വാട്ടാ അഡ്മിഷനുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക്: ഡോ. ആനി ചെറിയാൻ, ബസേലിയസ് കോളേജ് ബർസാർ - +91 94461 25298

- കോളേജിലെ പൊതുവായ അഡ്മിഷൻ വിവരങ്ങളുടെ അന്വേഷണങ്ങൾക്ക് ഡോ. ശരത് പി നാഥ് (നോഡൽ ആഫീസർ) – 91882 33263, ഡോ. ഷീബ ജോസഫ് (ജോയിന്റ് നോഡൽ ആഫീസർ), 94956 55004 എന്നീ നമ്പറുകളിലോ admissions20@baselius.ac.in എന്ന ഇമെയിൽ ഐഡിയിലോ ബന്ധപ്പെടുക.

- സർവകലാശാലയിൽ ഓൺലൈൻ അഡ്മിഷനായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 0481-2733511, 0481-2733521, 0481-2733518 എന്നീ നമ്പറുകളിലോ ugcap@mgu.ac.in എന്ന ഇമെയിൽ ഐഡിയിലോ ബന്ധപ്പെടുക.

## DEGREE PROGRAMMES UNDER MGU UGP Honours

**UNDERGRADUATE PROGRAMMES**
**&**
**Seats available for each programme in Baselius College**

| | Major (Main Subject) | Specialisation | No. of Seats |
|---|---|---|---|
| 1 | B A (Hons) English Language & Literature | Cultural Studies | 50 |
| 2 | B A (Hons) Malayalam Language & Literature | Journalism | 31 |
| 3 | B A (Hons) Economics | | 50 |
| 4 | B A (Hons) Political Science | | 40 |
| 5 | B Sc (Hons) Mathematics | | 50 |
| 6 | B Sc (Hons) Physics | Photonics | 24 |
| 7 | B Sc (Hons) Chemistry | | 42 |
| 8 | B Sc (Hons) Botany | | 36 |
| 9 | B Sc (Hons) Zoology | | 42 |
| 10 | B Com (Hons) | Finance and Taxation & Accounting | 50 |
| 11 | BBA (Hons) (AICTE Approved) | Marketing & Human Resource Management | 24 |
| 12 | B Com (Hons) (Self Finance) | Finance and Taxation & Logistics Management | 50 |